# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടക്കാട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ/കെഎൻആർ/സി6/463 /22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 26/05/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടക്കാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1-അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ഇമെയിൽ)
2-ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (എയിംസിൽ)
3-ഓഫീസ് പകർപ്പ്

നമ്പർ: കെഎസ്എ/കെഎൻആർ/സി6/463 /22 തീയ്യതി: 26/05/2022

## കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 06-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.വിനോദ് .കെ.കെ. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 07-03-2022 | 26-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-03-2022 | 26-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതവാണി.എൻ.എൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.സുമതി.ടി.ഒ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ധന്യ.എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.സി.മോഹനൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ഉത്തമൻ.ബി | സെക്രട്ടറി | 01-04-2019 | 19-06-2019 |
| ശ്രീമതി.ആയിഷ | സെക്രട്ടറി | 20-06-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പദ്മം.എം.കെ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2019 | 31-03-2020 |
| ഡോ.സോനു.ബി.നായർ | മെഡിക്കൽ ഓഫീസർ(സി എച്ച് സി) | 01-04-2019 | 25-04-2019 |
| ഡോ.മായ.കെ | മെഡിക്കൽ ഓഫീസർ(സിഎച്ച് സി) | 26-04-2019 | 31-03-2020 |
| ശ്രീ.സുനിൽ കുമാർ.എം.പി | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 03-08-2019 |
| ശ്രീ.ശ്രീജേഷ്.കെ | പട്ടികജാതി വികസന ഓഫീസർ | 04-08-2019 | 27-09-2019 |
| ശ്രീമതി.ജീന.സി | പട്ടികജാതി വികസന ഓഫീസർ | 28-09-2019 | 31-03-2020 |
| ശ്രീമതി.സുലേഖ.ടി.എസ് | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2019 | 31-05-2019 |
| ശ്രീമതി.സുധ.എം | ശിശു വികസന പദ്ധതി ഓഫീസർ | 01-06-2019 | 18-07-2019 |
| ശ്രീമതി.ഷീജ.വി | ശിശു വികസന പദ്ധതി ഓഫീസർ | 19-07-2019 | 31-03-2020 |
| ശ്രീമതി.നിഷ പാലത്തടത്തിൽ | ശിശു വികസന പദ്ധതി ഓഫീസർ(അഡീഷണൽ) | 01-04-2019 | 31-03-2020 |
| ശ്രീ.വിനോദ് കുമാർ നരിക്കോടൻ | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.ശ്രീരാഗ്.എം.പി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.രശ്മി.എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ശ്രീ.ജയൻ.എൻ.വി | ക്ഷീര വികസന | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഓഫീസർ | | |

## ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lathavani (Audit Officer, On 18-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Lathavani (Audit Officer, On 18-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Sumathi.T.O (Auditor, On 30-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-05-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Lathavani (Audit Officer, On 19-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Sumathi.T.O (Auditor, On 30-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-05-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Lathavani (Audit Officer, On 25-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-05-2022) | 1-5 |
| 7 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathavani (Audit Officer, On 31-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022) | 1-6 |
| 8 | ക്യാഷ് പരിശോധന<br>Written By: Dhanya M (Auditor, On 19-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022) | 1-7 |
| 9 | പരസ്യചാർജ്- അർഹമായ ഡിസ്കൗണ്ട് ലഭ്യമാക്കേണ്ടതാണ്.<br>Written By: Sumathi.T.O (Auditor, On 28-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022) | 1-8 |
| 10 | ജി എസ് ടി തുക ഒടുക്കിയത് ക്രമപ്രകാരമല്ല -₹39439 ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sumathi.T.O (Auditor, On 28-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-05-2022) | 1-9 |
| 11 | ഐ.കെ.എമ്മിന് വിഹിതം അടവാക്കിയത് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 24-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022) | 1-10 |
| 12 | പാലിന് സബ്സിഡി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 24-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022) | 1-11 |
| 13 | വനിതാ ഗ്രൂപ്പുകൾക്ക് കറവ പശു വിതരണം ചെയ്യൽ - പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു- ₹10,90,000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sumathi.T.O (Auditor, On 24-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-05-2022) | 1-12 |
| 14 | കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണം സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചു-₹ 18,20,000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sumathi.T.O (Auditor, On 24-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022) | 1-13 |

| | | |
|---|---|---|
| 15 | കൊയ്യോട് വ്യവസായ എസ്റ്റേറ്റിൽ കെട്ടിടം പൂർത്തീകരണം – പ്രവൃത്തി ദീർഘീകരണത്തിലെ അപാകങ്ങൾ-₹ 14,31,213 തടസ്സപ്പെടുത്തുന്നു.<br>Written By: Lathavani (Audit Officer, On 29-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-05-2022) | 1-14 |
| 16 | പൂവ്വത്തും തറ വാട്ടർടാങ്ക് ചാലിൽ റോഡ്ടാറിംഗ് -പ്രവൃത്തി ദീർഘിപ്പിക്കൽ അപാകങ്ങൾ-₹8,83,366 തടസ്സപ്പെടുത്തുന്നു<br>Written By: Lathavani (Audit Officer, On 29-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-05-2022) | 1-15 |
| 17 | ലൈഫ് മിഷൻ ഭവന പദ്ധതി ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം കൈമാറൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 24-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-05-2022) | 1-16 |
| 18 | കൊളച്ചേരി ഗ്രാമ പഞ്ചായത്ത് ബഡ്സ് സ്കൂൾ നടത്തിപ്പിന് ബ്ലോക്ക് വിഹിതം കൈമാറൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 24-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-05-2022) | 1-17 |
| 19 | സാന്ത്വന പരിചരണം ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം കൈമാറൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 24-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-05-2022) | 1-18 |
| 20 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Dhanya M (Auditor, On 25-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-05-2022) | 1-19 |
| 21 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പ്രോജക്ട് - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്<br>Written By: Dhanya M (Auditor, On 25-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-05-2022) | 1-20 |
| 22 | ശാരീരിക വൈകല്യമുള്ള വനിതകൾക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകൽ - രേഖകൾ ലഭ്യമാക്കിയില്ല- ചെലവ് തുകയായ ₹ 162000 തടസ്സപ്പെടുത്തുന്നു.<br>Written By: Dhanya M (Auditor, On 25-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-05-2022) | 1-21 |
| 23 | വനിതാഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ പ്രോജക്ട്-നിർവ്വഹണത്തിലെ അപാകങ്ങൾ-872650 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Dhanya M (Auditor, On 25-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-05-2022) | 1-22 |
| 24 | ഹെൽത്തി സിവിൽ സർവ്വീസ് പ്രൊജക്ട് നടത്തിപ്പിലെ അപാകത – ചെലവ് തുക ₹40225 നിരാകരിക്കുന്നു<br>Written By: Sumathi.T.O (Auditor, On 24-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-05-2022) | 1-23 |
| 25 | ഓക്സിജൻ കോൺസൺട്രേറ്റർ സ്ഥാപിച്ചതിന്റെ രേഖയില്ല – ചെലവ് തുക₹1,49,520 തടസ്സപ്പെടുത്തുന്നു<br>Written By: Sumathi.T.O (Auditor, On 24-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022) | 1-24 |
| 26 | സമഗ്ര തുടർ സാക്ഷരത പരിപാടി - രേഖകൾ ഹാജരാക്കിയിട്ടില്ല- ₹42,500 തടസ്സപ്പെടുത്തുന്നു<br>Written By: Sumathi.T.O (Auditor, On 24-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-05-2022) | 1-25 |

| | | |
|---|---|---|
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| 1 | ഹെൽത്തി സിവിൽ സർവ്വീസ് പ്രൊജക്ട് നടത്തിപ്പിലെ അപാകത – ചെലവ് തുക ₹40225 നിരാകരിക്കുന്നു<br>Written By: Lathavani (Audit Officer, On 16-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-05-2022) | 3-1 |
| | ഭാഗം 4 | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Lathavani (Audit Officer, On 25-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-05-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക<br>Written By: Lathavani (Audit Officer, On 26-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-05-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 25-03-2022)<br>Last Updated By: Lathavani (Audit Officer, On 25-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 25-03-2022)<br>Last Updated By: Lathavani (Audit Officer, On 25-03-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Lathavani (Audit Officer, On 25-03-2022)<br>Last Updated By: Lathavani (Audit Officer, On 25-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം -<br>Written By: Lathavani (Audit Officer, On 25-03-2022)<br>Last Updated By: Lathavani (Audit Officer, On 25-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Lathavani (Audit Officer, On 25-03-2022)<br>Last Updated By: Lathavani (Audit Officer, On 25-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Lathavani (Audit Officer, On 25-03-2022)<br>Last Updated By: Lathavani (Audit Officer, On 31-03-2022) | 4-8 |
| 9 | ചാർജ്ജ് -സർചാർജ് നടപടി വഴി ഈടാക്കിയ തുക<br>Written By: Lathavani (Audit Officer, On 25-03-2022)<br>Last Updated By: Lathavani (Audit Officer, On 25-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lathavani (Audit Officer, On 29-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Lathavani (Audit Officer, On 25-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-05-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Receipt & Payment Statement | |
| 4 | INCOME & EXPENDITURE STATEMENT | |
| 5 | BALANCE SHEET | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ബജറ്റ് 25.02.2019-ലെ 2(1)19-ലെ ഭരണസമിതി തീരുമാന പ്രകാരം അംഗീകരിച്ച

| | |
|---|---|
| മുന്നിരിപ്പ് | 15723800 |
| വരവ് | 165019000 |
| ആകെ | 180742800 |
| ചെലവ് | 164332600 |
| നീക്കിയിരിപ്പ് | 16410200 |

ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ല. അതിനാൽ വിവിധ ഘടക സ്ഥാപനമേധാവികളോട് നോൺ പ്ലാൻ ബജറ്റ് പ്രൊപ്പോസലുകൾ ആവശ്യപ്പെടുകയോ സമർപ്പിക്കുകയോ ചെയ്തതിന്റെ രേഖകളൊന്നും ലഭിച്ചിട്ടില്ല, ധനകാര്യസ്റ്റാൻഡിംഗ്കമ്മിറ്റി ബജറ്റ് അംഗീകരിക്കുന്നതിന് മുൻപുള്ള ബജറ്റ് ചർച്ച, അവതരണം എന്നിവ നടത്തിയതായി കാണുന്നില്ല പെർഫോമൻസ് ബജറ്റ് & ജെൻഡർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. റിവൈസ്ഡ് ബജറ്റ് തയ്യാറാക്കിയിട്ടില്ല

ബജറ്റ് തയ്യാറാക്കുമ്പോൾ ബജറ്റ് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-2 വാർഷിക ധനകാര്യ പത്രിക

എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 27.05.20 ലെ 1( 1)/2020 നമ്പർ ഭരണസമിതി തീരുമാന പ്രകാരം വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചിട്ടുണ്ട്.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2020 | 27.05.2020 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

1- മഹാത്മാ ഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുൻകൂറിൽ ( RP-47)ശമ്പളമിനത്തിൽ നൽകിയ തുക ഉൾപ്പെടുത്തിയിട്ടില്ല .

2- വികസന ഫണ്ട് -പൊതുവിഭാഗം സാധാരണ വിഹിതം,വാർഷിക ധനകാര്യ പത്രികയിലെ RP-7ലെ തുകയയും I-6 ലെ തുകയും തമ്മിൽപൊരുത്തപ്പെടുന്നില്ല .

കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ₹ 35,98,586 കഴിച്ചുള്ള തുകയാണ് I-6 ൽ രേഖപ്പെടുത്തിയത്

| ഇനം | വാർഷിക ധനകാര്യ പത്രിക RP-7 | വാർഷിക ധനകാര്യ പത്രിക I-6 |
|---|---|---|
| വികസന ഫണ്ട് -പൊതുവിഭാഗം സാധാരണ വിഹിതം | 3,22,39,169 | 2,86,40,583 |

3-മുൻകൂർ രജിസ്റ്ററും, ഡെപ്പോസിറ്റ് രജിസ്റ്ററും ഹാജരാക്കിയിട്ടില്ല . രജിസ്റ്റർ അപ്ഡേറ്റ് ചെയ്ത് അടുത്ത ഓഡിറ്റിന് ഹാജരാക്കുന്നതാണന്നാണ് മറുപടി നൽകിയത്

4-സ്ഥിരാസ്തിയിലെ B- 11 ഷെഡ്യൂളിൽ ഭൂമി ,വാഹന മൂല്യം ഉൾപ്പെടുത്തിയിട്ടില്ല

5. വിവിധ ബാങ്ക്, ട്രഷറി അക്കൗണ്ടുകളുമായി ബന്ധപ്പെട്ട പ്രതിമാസ, വർഷാന്ത്യ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ (സാംഖ്യയിൽ നിന്നും ലഭിക്കുന്നത്) പരിശോധനക്കായി ഹാജരാക്കിയിട്ടില്ല

6-കുടിശ്ശിക വാടക വരവ് പരിശോധിക്കുന്നതിനായി ആവശ്യമായ രജിസ്റ്റർ /രേഖകൾ ഹാജരാക്കിയിട്ടില്ല

7-Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation,book Value Of Asset, Life Time Of Asset Etc ) ഹാജരാക്കിയിട്ടില്ല

8-സംയുക്ത പ്രോജക്ടിലെ ഗ്രാമപഞ്ചായത്ത് വിഹിതത്തിലെ ചെലവ് തുക വാർഷിക ധനകാര്യ പത്രിക പ്രകാരവും I-6-₹ 891914 സുലേഖ ചെലവ് പത്രിക പ്രകാരവും ₹5,64,033 പൊരുത്തപ്പെടുന്നില്ല

9-ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

10-കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിന്റെ ₹ 71,67,400 വിശദവിവരം ലഭ്യമാക്കിയിട്ടില്ല

11-പെരളശ്ശേരി കോട്ടം കുടിവെള്ള പദ്ധതി ഗുണഭോക്തൃ വിഹിതമിനത്തിൽ വർഷങ്ങളായി നീക്കിയിരിപ്പുള്ള തുക 1763 , അതാത് ഫണ്ടിലേയ്ക്ക് / പഞ്ചായത്തിലേയ്ക്ക് ഒടുക്കേണ്ടതാണ്

12- വാറ്റിനത്തിൽ വർഷങ്ങളായിനീക്കിയിരിപ്പുള്ള തുക 3562 അതാത് ഫണ്ടിലേയ്ക്ക് ഒടുക്കേണ്ടതാണ്

13-ടെണ്ടർ ഫോമുകളുടെ സ്റ്റോക്ക്-വിതരണ രജിസ്റ്റർ, പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

14-2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട് സ് ) ചട്ടങ്ങളിലെ ചട്ടം 62ഇ പ്രകാരം വാർഷിക കണക്കിൽ, അക്കൗണ്ടുകൾക്കുള്ള കുറിപ്പ് ഉൾപ്പെടുത്തിയിട്ടില്ല.

15-2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62എഫ് പ്രകാരം വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

16-2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് ഇല്ല.

17- ഇ ടെണ്ടർ വഴി നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കുന്ന തുകകൾ ക്രെഡിറ്റ് ചെയ്യുന്നതിന് LSGD എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് മുഖാന്തിരം ലഭിക്കുന്ന തുക കിട്ടാനുള്ള തുകയായി കണക്കാക്കി ഷെഡ്യൂൾ B-15 (Sundry Debtors Receivables) ൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | തുക (രൂപ ) |
|---|---|
| മുന്നിരിപ്പ് | 1,28,69,667 |
| ഓഡിറ്റ് വർഷത്തെ വരവ് | 4,38,32,598 |
| ആകെ | 5,67,02,265.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 4,33,06,926 |
| നീക്കിയിരിപ്പ് | 1,33,95,339 |
| വരവിനങ്ങളിലെ നഷ്ടം/ | - |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 40225 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 64,90,688 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ ലഭിച്ചത് | ആകെ | ചെലവ് | ക്യൂ ബിൽ | ലാപ്സ്/ നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 4,53,95,000 | 4,53,95,000 | 3,22,39,169 | 36,14,040 | 95,41,791 |
| വികസനഫണ്ട് എസ്.സി.പി | 0 | 35,23,000 | 35,23,000 | 35,23,000 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് നോൺറോഡ് | 0 | 59,40,000 | 59,40,000 | 7,46,988 | 48,42,014 | 3,50,998 |
| ശുചിത്വം | 473842 | 88952 | 562794 | 54259 | 0 | 508535 |
| ഐസി ഡി എസ് | 896778 | 0 | 896778 | 0 | 0 | 896778 |
| കേരളോത്സവം | 108434 | 64491 | 172925 | 60000 | 0 | 112925 |
| സ്പെസിഫിക് പർപ്പസ് (MGNREGA-മേറ്റ് പരിശീലനം ,ധനകാര്യ കമ്മീഷൻ വരവ് &മറ്റ് വരവുകൾ) | 173170 | 6328 | 179498 | 179498 | 0 | 0 |
| സാക്ഷരത | 2290 | 83 | 2373 | 2373 | 0 | 0 |
| ഐ എ വൈ -ജനറൽ | 63116 | 1939 | 65055 | 65055 | 0 | 0 |
| മറ്റു ഗവ ഏജൻസി വരവ് | 206765 | 179550 | 386315 | 271032 | 0 | 115283 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 80 | 72701925 | 62 | 38524858 | 45 | 17 | 18 | 56 |

| ക്രമനമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതിഅടങ്കൽ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | പദ്ധതിചെലവ് | ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 29,97,260 | 6 | 22,49,795 | 5 | 75 |
| 2 | ക്ഷീര വികസന ഓഫീസർ | 1,15,80,000 | 4 | 42,31,988 | 4 | 36.54 |
| 3 | മെഡിക്കൽഓഫീസർ (സിഎച്ച്സി) | 81,82,538 | 9 | 6016902 | 8 | 73.53 |
| 4 | സെക്രട്ടറി | 24355287 | 26 | 11024732 | 18 | 45.26 |
| 5 | അസിസ്റ്റന്റ്എഞ്ചിനീയർ | 75,58,235 | 10 | 31,47,990 | 4 | 41.59 |
| 6 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 97,86,886 | 14 | 45,82,162 | 12 | 46.81 |
| 7 | ശിശു വികസന പദ്ധതി ഓഫീസർ | 2261719 | 8 | 2191289 | 8 | 96.88 |

| | | | | | | |
|---|---|---|---|---|---|---|
| 8 | പട്ടിക ജാതി വികസന ഓഫീസർ | 35,80,000 | 2 | 35,80,000 | 2 | 100 |
| 9 | വ്യവസായ വികസന ഓഫീസർ | 24,00,000 | 1 | 15,00,000 | 1 | 62.5 |
| | ആകെ | 72701925 | 80 | 38524858 | 62 | 53 |

## 1-6 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ആവശ്യമായ സന്ദർഭങ്ങളിൽ കൃത്യമായ ജോലിവിഭജനം നടത്തി ചുമതലകൾ ഏൽപ്പിച്ചുപോരുന്നുണ്ട്. ജീവനക്കാരുടെ യോഗം എല്ലാ മാസങ്ങളിലും ചേർന്നിട്ടുണ്ട്. യോഗത്തിൽ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.03.2022-ന് വൈകുന്നേരം 2.50ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനാ സമയത്ത് ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-8 പരസ്യചാർജ്- അർഹമായ ഡിസ്കൗണ്ട് ലഭ്യമാക്കേണ്ടതാണ്.

വിവിധ ടെണ്ടർ/ഇ ടെണ്ടർ പരസ്യങ്ങൾക്ക് മാതൃഭൂമി പത്രത്തിൽ പത്ര പരസ്യം നൽകിയിട്ടുണ്ട്. എന്നാൽ അർഹമായ ഡിസ്കൗണ്ട് സ്ഥാപനം നൽകിയിട്ടില്ല .ജി.ഒ(ആർ.ടി) നം.1/2011/I & PRD തീയതി.4.01.2011, ജി.ഒ(ആർ.ടി) നം.551/2015/I & PRD തീയതി.20.11.2015 എന്നീ ഉത്തരവുകൾ പ്രകാരം പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കും അർഹതയുണ്ടെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മാതൃഭൂമി ദിനപത്രത്തിൽ താഴെ കാണും പ്രകാരം പ്രസിദ്ധീകരിച്ച പരസ്യങ്ങൾക്ക് ഇപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല . ആയത് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

| വൗച്ചർനം &തീയതി | 21900119dt 14.8.2019 | 21900143 Dt23.9.2019 | 21900264 Dt 16.12.2019 |
|---|---|---|---|
| തുക | 5938 | 4250 | 5047 |
| പരസ്യ ഇനം | ലേല പരസ്യം | ലേല പരസ്യം | ലേല പരസ്യം |
| ഇൻവോയിസ് നം &തീയതി | 321000043611/18.7.2019 | 321000048215/ 30.7.2019 | 321000082652 Dt 30.10.2019 |

## 1-9 ജി എസ് ടി തുക ഒടുക്കിയത് ക്രമപ്രകാരമല്ല -₹39439 ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമനമ്പർ | വൗച്ചർ നമ്പർ/തീയതി | തുക |
|---|---|---|
| 1 | 21900120,121/14.08.2019 | 12344 |
| 2 | 21900169,170, 28.09.2019 | 15510 |
| 3 | 21900204,205,206, 17.10.2019 | 11585 |
| | ആകെ | 39439 |

ബ്ലോക്ക് പഞ്ചായത്ത് 2019-20 വർഷം ജി എസ്.ടി ഇനത്തിൽ ഈടാക്കിയ തുക ജി എസ്.ടി വകുപ്പിലേക്ക് നേരിട്ട് തുക ഒടുക്കാതെ ശ്രീ പി.ജെ രെഗി എന്നയാളുടെ ആക്സിസ് ബേങ്കിലുള്ള 159010200010557 നമ്പർ അക്കൗണ്ടിലേക്ക് മേൽ വൗച്ചറുകൾ പ്രകാരം കൈമാറിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് തുക ഒടുക്കാതെ ഇപ്രകാരം കൈമാറി ഒടുക്കിയതിന്റെ കാരണം വ്യക്തമാക്കുന്നതിനും മേൽ വ്യക്തി ജി എസ്.ടി വകുപ്പിലേക്ക് തുക ഒടുക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.33/23.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക അടവാക്കിയ രശീതി ഹാജരാക്കാത്തതിനാൽ ₹39439 ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-10 ഐ.കെ.എമ്മിന് വിഹിതം അടവാക്കിയത് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, എടക്കാട് ബ്ലോക്ക് പഞ്ചായത്ത് |
| പ്രോജക്റ്റ് നമ്പർ/പേര് | 02/20,ഐ.കെ.എമ്മിന് വിഹിതം നൽകൽ |
| അടങ്കൽ | ₹49,130 (വികസന ഫണ്ട്, പൊതുവിഭാഗം, സാധാരണ വിഹിതം) |
| ചെലവ് | ₹49130 |
| ബിൽ നമ്പർ/തീയതി | 19190163010200298495/03-07-2019 |

മേൽ തുക പിൻവലിച്ച് ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/23-03-2022) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-11 പാലിന് സബ്സിഡി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ക്ഷീര വികസന ഓഫീസർ |
| അടങ്കൽ | ₹1500000, വികസന ഫണ്ട്,ജനറൽ |
| ചെലവ് | ₹12,81,988 |

മുകളിൽ കൊടുത്ത ചെലവ് തുകയിൽ താഴെ പറയും പ്രകാരം നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| തുക /ബിൽ നമ്പർ/തീയതി | തുക ലഭിച്ച സ്ഥാപനം | തുക | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|
| ₹6,50000 71/25-09-2019 | പെരളശ്ശേരി ഗ്രാമ പഞ്ചായത്ത് | ₹4,50000 | ₹92452 |
| | മുണ്ടേരി ഗ്രാമ പഞ്ചായത്ത് | ₹200000 | ₹200000 |
| ₹13,357 199/14-02-2020 | കടമ്പൂർ ഗ്രാമ പഞ്ചായത്ത് | ₹13,357 | ഹാജരാക്കി |
| ₹18631 234/19-02-2020 | കടമ്പൂർ ഗ്രാമ പഞ്ചായത്ത് | ₹18631 | ഹാജരാക്കി |
| ₹600000 35/26-07-2019 | ചെമ്പിലോട് ഗ്രാമ പഞ്ചായത്ത് | ₹200000 | ഹാജരാക്കി |
| | കൊളച്ചേരി ഗ്രാമ പഞ്ചായത്ത് | ₹400000 | ₹400000 |

| | | | |
|---|---|---|---|
| | ആകെ | 1281988 | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ അവശേഷിക്കുന്ന തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.01/13-03-2022) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-12 വനിതാ ഗ്രൂപ്പുകൾക്ക് കറവ പശു വിതരണം ചെയ്യൽ - പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു- ₹10,90,000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ക്ഷീര വികസന ഓഫീസർ |
| പ്രൊജക്റ്റ് നമ്പർ/പേര് | 81/20,വനിതാ ഗ്രൂപ്പുകൾക്ക് കറവ പശു വിതരണം ചെയ്യൽ |
| അടങ്കൽ | ₹1090000, വികസന ഫണ്ട്,ജനറൽ |
| | ₹1310000 മറ്റുള്ളവ |
| | ആകെ ₹2400000 |
| ചെലവ് | ₹1090000 |

മുണ്ടേരി, പെരളശ്ശേരി, ചെമ്പിലോട് എന്നീ ഗ്രാമ പഞ്ചായത്തുകളിലെ 5 പേരടങ്ങുന്ന ജെ.എൽ.ജി ഗ്രൂപ്പുകൾക്ക് സബ്സിഡി തുക ബേക്ക് എൻഡഡ് ആയി അനുവദിക്കുന്നതിന് മുകളിൽ കൊടുത്ത ചെലവ് തുക പിൻവലിച്ച് താഴെ പറയും പ്രകാരം വായ്പാ സ്ഥാപനത്തിലേക്ക് നൽകിയിട്ടുണ്ട്.

| പിൻവലിച്ച തുക /ബിൽ നമ്പർ/തീയതി | തുക ലഭിച്ച സ്ഥാപനം | നൽകിയ തുക | ഉദ്ദേശ്യം |
|---|---|---|---|
| ₹408750 173/29-01-2020 | കേനന്നൂർ കൺസ്യൂമേഴ്സ് വെൽഫെയർ സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പേരിലുള്ള കണ്ണൂർ ജില്ലാ സഹകരണ ബേങ്കിന്റെ (മെയിൻ ബ്രാഞ്ച്) 1001006000936 നമ്പർ അക്കൗണ്ടിൽ | ₹408750 | മുണ്ടേരി ഗ്രാമ പഞ്ചായത്തിലെ പാലാഴി,കാമധേനു,നന്ദിനി ഗ്രൂപ്പുകൾക്ക് 136250 രൂപ വീതം |
| ₹408750 174/29-01-2020 | കണ്ണൂർ അഗ്രിക്കൾച്ചറൽ പ്രൊഡ്യൂസേഴ്സ് വെൽഫെയർ കോ-ഓപ്പ് സൊസൈറ്റിയുടെ പേരിലുള്ള കണ്ണൂർ ജില്ലാ സഹകരണ ബേങ്കിന്റെ (മെയിൻ ബ്രാഞ്ച്) 1001006000954നമ്പർ അക്കൗണ്ടിൽ | ₹136250 | മുണ്ടേരി ഗ്രാമ പഞ്ചായത്തിലെ ഗോവർദ്ധിനി ഗ്രൂപ്പിന് |
| | പെരളശ്ശേരി സർവ്വീസ് കോ- | ₹272500 | പെരളശ്ശേരി ഗ്രാമ പഞ്ചായത്തിലെ മിടുക്കി , |

| | | | |
|---|---|---|---|
| | ഓപ്പറേറ്റീവ് ലിമിറ്റഡിന്റെ പേരിലുള്ള കണ്ണൂർ ജില്ലാസഹകരണ ബേങ്കിന്റെ(മെയിൻ ബ്രാഞ്ച്) 1001054000287നമ്പർ അക്കൌണ്ടിൽ | | കാമധേനു ഗ്രൂപ്പുകൾക്ക് |
| ₹272500 175/29-01-2020 | ഇരിവേരി സർവ്വീസ് സഹകരണ ബേങ്കിന്റെ പേരിലുള്ള കണ്ണൂർ ജില്ലാസഹകരണ ബേങ്കിന്റെ ചക്കരക്കൽ ശാഖയിലുള്ള 1019006000003നമ്പർ അക്കൗണ്ടിൽ | ₹272500 | ചെമ്പിലോട് ഗ്രാമ പഞ്ചായത്തിലെ ഗോവർദ്ധിനി,നന്ദിനി ഗ്രൂപ്പുകൾക്ക് |
| | ആകെ | 1090000 | |

പ്രൊജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകളുണ്ട്

1-സ.ഉ( കൈ) 22/18 ത.സ്വ.ഭ.വ, തീയ്യതി 14.2.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.2.1 പ്രകാരം കറവപ്പശു വിതരണ പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രമേ ഏറ്റെടുക്കാൻ അനുമതിയുള്ളൂ. മാർഗരേഖ ഉപഖണ്ഡിക 2.2, 2.3 പ്രകാരം പദ്ധതി മാർഗ്ഗരേഖയിൽ പറഞ്ഞിട്ടില്ലാത്ത പ്രൊജക്ടുകൾക്ക് ധനസഹായം നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.

2.ജെ.എൽ.ജിഗ്രൂപ്പുകളുടെ സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടെ പേരിലുള്ള ബേങ്ക് അക്കൗണ്ട്, ലോൺ തിരിച്ചടവ് സ്റ്റേറ്റ്മെന്റ് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

3.ഗ്രൂപ്പ് അടിസ്ഥാനത്തിൽ പശുവിനെ വളർത്തുന്നതിന് ഒരുക്കിയ അടിസ്ഥാന സൗകര്യത്തിന്റെ വിവരം ലഭ്യമല്ല.കാലിത്തൊഴുത്ത് നവീകരണം പ്രൊജക്ടിന്റെ ഭാഗമാണെങ്കിലും അത്തരത്തിൽ പ്രവൃത്തി നടത്തിയതിന്റെ രേഖകൾ (എസ്റ്റിമേറ്റ്,വാലേഷൻ മുതലായവ) ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

4.ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ഇതേ ആനുകൂല്യം നൽകിയിട്ടില്ലെന്നുള്ള വെറ്ററിനറി സർജന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

മുകളിൽ കൊടുത്ത അപാകതകൾക്ക് വ്യക്തത വരുത്താൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.03/13-03-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിനാലും കൃത്യമായ രേഖകൾ ഹാജരാക്കാത്തതിനാലും ഈയിനത്തിൽ ചെലവഴിച്ച ₹ 10,90,000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-13 കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണം സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചു-₹ 18,20,000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ക്ഷീര വികസന ഓഫീസർ |
| പ്രൊജക്ട് നമ്പർ/പേര് | 18/20,കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണം |
| അടങ്കൽ | ₹37,69,103 വികസന ഫണ്ട്,ജനറൽ |
| | ₹3820000 മറ്റുള്ളവ |

| | |
|---|---|
| | ₹50,897 തനത് ഫണ്ട് |
| | ആകെ അടങ്കൽ – ₹7640000 |
| ചെലവ് | ₹17,69,103 വികസന ഫണ്ട്,ജനറൽ |
| | ₹50,897 |
| | ₹1820000 |

182 ഗുണഭോക്താക്കൾക്ക് 10000 രൂപ വീതം നൽകുന്നതിന് താഴെ പറയും പ്രകാരം തുക പിൻവലിച്ചിട്ടുണ്ട്.

| തുക | ബിൽനമ്പർ/തീയതി |
|---|---|
| ₹500000 | 167/27-01-2020 |
| ₹500000 | 169/27-01-2020 |
| ₹430000 | 204/24-02-2020 |
| ₹339103 | 219/13-03-2020 |
| ₹50897 | ചെക്ക് നമ്പർ 5953373/23-03-2020 |
| ആകെ ₹1820000 | |

മേൽ തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകളുണ്ട്..

1.കാലിത്തീറ്റ സർക്കാർ നിശ്ചയിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വാങ്ങേണ്ടതാണെന്നും ക്ഷീര സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യണമെന്നും സ.ഉ(കൈ) നം.22/2018/ത.സ്വ.ഭ.വ തീയതി 14-02-2018 ഉത്തരവിലെ ഖ.2.15 ൽ നിഷ്കർഷിക്കുന്നുണ്ട്. ഇപ്രകാരം കാലിത്തീറ്റ വാങ്ങി നൽകാതെ തുക ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്ക് നൽകിയതിന്റെ കാരണം വ്യക്തമല്ല.

2.ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ഗ്രാമപഞ്ചായത്തിൽ നിന്നും ഇതേ ആനുകൂല്യം നൽകിയിട്ടില്ല എന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഗ്രാമപഞ്ചായത്ത് മുഖേന ആനുകൂല്യം ലഭിച്ചവർക്ക് തന്നെയാണോ ബ്ലോക്ക് പഞ്ചായത്ത് മുഖേന സബ്സിഡി നൽകിയതെന്ന് പരിശോധിച്ചിട്ടില്ല. ഇത് കാരണം സബ്സിഡി തുക ഇരട്ടിപ്പിന് സാധ്യതയുണ്ട്

മുകളിൽ പറഞ്ഞ അപാകതകൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.02/13-03-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചതിനാൽ ചെലവ് തുക ₹ 18,20,000 തടസ്സപ്പെടുത്തുന്നു.

## 1-14 കൊയ്യോട് വ്യവസായ എസ്റ്റേറ്റിൽ കെട്ടിടം പൂർത്തീകരണം – പ്രവൃത്തി ദീർഘീകരണത്തിലെ അപാകങ്ങൾ-₹ 14,31,213 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| പ്രോജക്റ്റിന്റെ പേര്&നം | കൊയ്യോട് വ്യവസായ എസ്റ്റേറ്റിൽ ഒരു കെട്ടിടം രണ്ടാം നില പൂർത്തീകരണവും ,മറ്റൊരു കെട്ടിടം ഒന്നാം നില പൂർത്തീകരണവും -60/20 |
| അടങ്കൽ | 20,19,778(വികസന ഫണ്ട്-പൊതു വിഭാഗം-സാധാരണ വിഹിതം ) |
| ചെലവ്,ബിൽ നം &തീയതി | 10,30,550 - 11/21.6.19<br>4,00,662 – 16/14.10.19 |
| ആകെ | 14,31,213 |
| കരാറുകാരൻ | സജീവൻ.എം |
| കരാർ തുക | 20,19,777.98 |
| എഗ്രിമെന്റ് നമ്പർ | AEE/EKD/05/2018-19 Dt 13.9.2018 |

| | |
|---|---|
| എം ബുക്ക് | 6/18-19,24/18-19 |
| പ്രവൃത്തി പൂർത്തീകരണ സമയം | 150Days-(കരാറിൽ രേഖപ്പെടുത്തിയത് പ്രകാരം 10.2.2019നുള്ളിൽ) |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 31.5.2019 |

കൊയ്യോട് വ്യവസായ എസ്റ്റേറ്റിൽ ഒരു കെട്ടിടം രണ്ടാം നില പൂർത്തീകരണവും, മറ്റൊരു കെട്ടിടം ഒന്നാം നില പൂർത്തീകരണവും (-60/20 )പ്രവൃത്തിനിർവ്വഹണത്തിലെ അപാകങ്ങൾ താഴെ പറയുന്നു

1-സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിനാൽ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 1/(1)19Dt 12.2.2019 തീരുമാന പ്രകാരം 31.3.2019 വരെ ദീർഘീകരണം അനുവദിച്ചു. എന്നാൽ ഈ സമയത്തും പ്രവൃത്തി പൂർത്തിയായിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചത് 31.5.2019 നാണ് .അതിനാൽ വീണ്ടും ഭരണസമിതി തീരുമാനം-2/(3)19Dt 24.8.2019, 2/(2)19Dt 30.9.2019 പ്രകാരം 31.5.2019 വരെ ദീർഘിപ്പിക്കുവാൻ തീരുമാനമെടുത്തു . പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷം ദീർഘിപ്പിക്കാനുള്ള അനുമതി ഭരണസമിതി കൈക്കൊണ്ടത് ശരിയായ നടപടിയല്ല

2-ജി.ഒ (പി)നം 13/2012/പി.ഡബ്ല്യൂ.ഡി/ തീയതി 01-02-2012 ലെ പരിഷ്കരിച്ച പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112പ്രകാരം യഥാർത്ഥ സമയത്തിന്റെ പകുതി സമയം വരെ മാത്രമേ പരമാവധി ദീർഘിപ്പിക്കാവൂ എന്നിരിക്കെ അതിലും കൂടുതൽ സമയം ദീർഘിപ്പിച്ചു നൽകിയത് ശരിയല്ല

3-സെലക്ഷൻ നോട്ടീസ് അയച്ചതിന്റേയും, കൈപ്പറ്റിയതിന്റെയും, സൈറ്റ് കൈമാറിയതിന്റേയും, രേഖകൾ ഹാജരാക്കിയിട്ടില്ല

4-പ്രവൃത്തിക്ക് കരാറുകാരൻ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല .

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 4/13.3.22 ) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല . മേൽ പറഞ്ഞ അപാകങ്ങൾ കാരണം ₹ 14,31,213 തടസ്സപ്പെടുത്തുന്നു.

## 1-15 പൂവ്വത്തും തറ വാട്ടർടാങ്ക് ചാലിൽ റോഡ്ടാറിംഗ് -പ്രവൃത്തി ദീർഘിപ്പിക്കൽ അപാകങ്ങൾ-₹8,83,366 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| പ്രോജക്ട് &നം | പൂവ്വത്തും തറ വാട്ടർടാങ്ക് ചാലിൽ റോഡ്ടാറിംഗ് -58/20 |
| അടങ്കൽ | 893235 (വികസനഫണ്ട്) |
| ചെലവ് | 8,83,366 |
| ബിൽ നം &തീയതി | 628552 -1/30.4.2019 |
| | 254814 -3/16.8.2019 |
| കരാറുകാരൻ | എ.ഗോപാലൻ |
| കരാർ നം | AEE/EKD/10/2018-19 Dt 16.1.19 |
| കരാർ തുക | 893235 |
| സെലക്ഷൻ നോട്ടീസ് തീയതി | 16.1.2019 |
| സൈറ്റ് കൈമാറൽ തീയതി | 16.1.2019 |
| കാലാവധി | 120 Days |
| പൂർത്തിയാക്കേണ്ട തീയതി | 15.5.19 |
| പൂർത്തിയാക്കിയ തീയതി | 31.5.20 |
| എം ബുക്ക് നം | 12/18-19 |

മേൽ പ്രവൃത്തിയുടെ ഭാഗമായ ബേൺ കോൺക്രീറ്റ് ചെയ്യുന്നതിന് റോഡിന്റെ അതിർത്തികളുമായി ബന്ധപ്പെട്ട് പ്രദേശവാസികളുമായി ഉണ്ടായ തർക്കത്തെതുടർന്ന് സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിനാൽ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ2/(5)19dt 15.5.2019 പ്രകാരം തീരുമാന പ്രകാരം 31.5.2019 വരെ പിഴ കൂടാതെ ദീർഘീകരണം അനുവദിച്ചു. ജി.ഒ (പി)നം 13/20/പി.ഡബ്ല്യൂ.ഡി/ തീയതി 01-02-2012 ലെ പരിഷ്കരിച്ച പൊതുമരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 2112 പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരൻ, അസിസ്റ്റന്റ് എഞ്ചിനീയർ മുഖേനഅപേക്ഷിച്ചാൽ പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ പ്രവൃത്തി ദീർഘീകരണത്തിനുള്ള കരാറുകാരന്റെ അപേക്ഷ, അസിസ്റ്റന്റ് എഞ്ചിനിയറുടെ ശുപാർശ എന്നിവ ഇല്ലാതെയാണ് ഭരണസമിതി കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയത്. അതിനാൽ ₹8,83,366 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (9/20.3.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-16 ലൈഫ് മിഷൻ ഭവന പദ്ധതി ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം കൈമാറൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, എടക്കാട് ബ്ലോക്ക് പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ/പേര് | 21/20,ലൈഫ് മിഷൻ ഭവന പദ്ധതി ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം കൈമാറൽ |
| അടങ്കൽ | ₹ 96,47,832 (വികസന ഫണ്ട്, പൊതുവിഭാഗം, സാധാരണ വിഹിതം) |
| ചെലവ് | ₹180365<br>87/14-10-2019 |
| | ₹3900000<br>97/21-10-2019 |
| | ₹400000<br>245/23-03-2020 |
| | ₹200000<br>246/23-03-2020 |
| | ₹200000<br>247/23-03-2020 |
| | ₹200000<br>248/23-03-2020 |
| | ₹440000<br>250/23-03-2020 |
| | ₹480000<br>251/23-03-2020 |
| | ₹100000<br>281/30-03-2020 |
| ആകെ ചെലവ് | ₹61,00,365 |

ലൈഫ് മിഷൻ ഭവന പദ്ധതിക്കായി ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം കൈമാറുന്നതിനാണ് മേൽ തുക ചെലവഴിച്ചത്. തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

1.ഏതൊക്കെ ഗ്രാമപഞ്ചായത്തുകൾക്കാണ് തുക നൽകിയത് എന്നുള്ള വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2.തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

മേൽ പറഞ്ഞ രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/23-03-2022) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ഏതൊക്കെ ഗ്രാമപഞ്ചായത്തുകൾക്കാണ്

മേൽപ്പറഞ്ഞ തുകകൾ നൽകിയത് എന്നും തുകയുടെ വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

### 1-17 കൊളച്ചേരി ഗ്രാമ പഞ്ചായത്ത് ബഡ്സ് സ്കൂൾ നടത്തിപ്പിന് ബ്ലോക്ക് വിഹിതം കൈമാറൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, എടക്കാട് ബ്ലോക്ക് പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ/പേര് | 31/20,കൊളച്ചേരി ഗ്രാമ പഞ്ചായത്ത് ബഡ്സ് സ്കൂൾ നടത്തിപ്പിന് ബ്ലോക്ക് വിഹിതം കൈമാറൽ |
| അടങ്കൽ | ₹ 18,42,550(വികസന ഫണ്ട്,പൊതുവിഭാഗം,സാധാരണ വിഹിതം) |
| ചെലവ് | ₹900000<br>33/24-07-2019 |
| | ₹900000<br>38/29-07-2019 |
| | ₹42,550<br>111/30-10-2019 |
| ആകെ ചെലവ് | 18,42,550 |

കൊളച്ചേരി ഗ്രാമ പഞ്ചായത്തിലെ ബഡ്സ് സ്കൂൾ നടത്തിപ്പിനായി സെക്രട്ടറിയുടെ 799011400001122 നമ്പർ എസ്.ടി.എസ്.ബി അക്കൗണ്ടിലേക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/ 23-03-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

### 1-18 സാന്ത്വന പരിചരണം ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം കൈമാറൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, ഇരിവേരി, എടക്കാട് ബ്ലോക്ക് പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ/പേര് | 34/20,സാന്ത്വന പരിചരണം ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം കൈമാറൽ |
| അടങ്കൽ | ₹ 18,00,000 (വികസന ഫണ്ട്, പൊതുവിഭാഗം, സാധാരണ വിഹിതം) |
| ചെലവ് | ₹11,15,000<br>19190163009700331638/11-07-2019 |
| | ₹6,85,000<br>19190163009700380971/25-07-2019 |
| ആകെ ചെലവ് | ₹18,00,000 |

സാന്ത്വന പരിചരണം എന്ന പ്രൊജക്ടിനായി താഴെ പറയും പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് തുക നൽകിയിട്ടുണ്ട്.

| ഗ്രാമ പഞ്ചായത്തിന്റെ പേര് | നൽകിയ തുക |
|---|---|
| കടമ്പൂർ | ₹6,50,000 |

| | |
|---|---|
| കൊളച്ചേരി | ₹3,50000 |
| പെരളശ്ശേരി | ₹1,15000 |
| ചെമ്പിലോട് | ₹4,85,000 |
| മുണ്ടേരി | ₹200000 |
| ആകെ | 18,00,000 |

തുക വിനിയോഗിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/23-03-2022) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-19 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ (എടക്കാട് അഡീഷണൽ) |
| പ്രോജക്ട് നമ്പർ | 20/20 |
| പ്രോജക്ടിന്റെ പേര് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് |
| അടങ്കൽ | ₹ 9,90,000 വികസന ഫണ്ട് പൊതുവിഭാഗം |
| ചെലവ് തുക, ബിൽനം/തീയതി | ₹ 9,90,000, 5/12.07.2019 |

ഗ്രാമപഞ്ചായത്തുകളിലെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പ്രോജക്ടിന് ബ്ലോക്ക് വിഹിതം കൈമാറുന്നതിനുള്ള മേൽ പ്രോജക്ടിന്റെ ഭാഗമായി കൊളച്ചേരി ഗ്രാമപഞ്ചായത്തിന് 3 ലക്ഷം രൂപയും ചെമ്പിലോട് ഗ്രാമപഞ്ചായത്തിന് 365000/- രൂപയും മുണ്ടേരി ഗ്രാമപഞ്ചായത്തിന് 3,25,000 രൂപയും നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-20 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പ്രോജക്ട് - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ |
| പ്രോജക്ട് നമ്പർ | 13/20 |
| പ്രോജക്ടിന്റെ പേര് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹ 7,25,000 വികസന ഫണ്ട് പൊതുവിഭാഗം |
| ചെലവ് തുക, ബിൽനം/ചെക്ക് നം/തീയതി<br>ആകെ | ₹ 4,00,000, 1/17.08.2019<br>₹ 3,25,000, 3/06.11.2019<br>₹ 725000 |

ഗ്രാമപഞ്ചായത്തുകളിലെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള പ്രോജക്ടിന് ബ്ലോക്ക് വിഹിതം കൈമാറുന്നതിനുള്ള മേൽ പ്രോജക്ടിന്റെ ഭാഗമായി പെരളശ്ശേരി ഗ്രാമപഞ്ചായത്തിന് 4 ലക്ഷം രൂപയും കടമ്പൂർ പഞ്ചായത്തിന് 325000/- രൂപയും നൽകിയിട്ടുണ്ട്. എന്നാൽ ഈ തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് (8/18.3.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

### 1-21 ശാരീരിക വൈകല്യമുള്ള വനിതകൾക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകൽ - രേഖകൾ ലഭ്യമാക്കിയില്ല- ചെലവ് തുകയായ ₹ 162000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ |
| പ്രോജക്ട് നമ്പർ | 7/20 |
| പ്രോജക്ടിന്റെ പേര് | ശാരീരിക വൈകല്യമുള്ള വനിതകൾക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ |
| അടങ്കൽ<br>ആകെ | ₹ 160000വികസന ഫണ്ട് പൊതുവിഭാഗം<br>₹ 10000 (തനത് ഫണ്ട്)<br>₹ 170000 |
| ചെലവ് തുക, ബിൽനം/ചെക്ക് നം/തീയതി<br>ആകെ | ₹ 160000, 6/18.01.2020<br>₹ 2000,5953347/14.02.2020<br>₹ 162000 |

എടക്കാട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്തുകളിലെ ശാരീരീക വൈകല്യമുള്ള 2 വനിതകൾക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം നടത്താനാണ് മേൽ പ്രോജക്ട് ലക്ഷ്യമിടുന്നത്. പ്രോജക്ട് പ്രകാരം 2 വനിതകൾക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം നടത്തിയിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക സ.ഉ.(കൈ) നം.22/18/തസ്വഭവ തീ. 14.2.18 ഖണ്ഡിക 7.1.2.(എ) 6 പ്രകാരം സ്കൂട്ടർ ഓടിക്കാൻ കഴിവുള്ള ആളാണെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തണം. 8 വർഷത്തിനുള്ളിൽ സ്കൂട്ടർ ലഭിച്ച ആളായിരിക്കരുത്. എന്നാൽ മേൽ പരാമർശിച്ച പ്രകാരമുള്ള സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.

2.മേൽ പ്രോജക്ട് പ്രകാരം ആനുകൂല്യം ലഭിച്ച ശ്രീമതി സൂജിഷ ടി പി എന്നയാൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടയാളാണ് എന്നത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിച്ച രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/18.3.22) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ ₹ 162000 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കേണ്ടതാണ്.

### 1-22 വനിതാഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ പ്രോജക്ട്- നിർവ്വഹണത്തിലെ അപാകങ്ങൾ-872650 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നമ്പർ | 9/20 |
| പ്രോജക്ടിന്റെ പേര് | വനിതാഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ |
| അടങ്കൽ | ₹ 1800000 വികസന ഫണ്ട് പൊതുവിഭാഗം |
| ചെലവ് തുക ,ബിൽ നം/തീയതി | ₹ 600000, 1/04.09.2019<br>₹ 300000, 2/11.10.2019<br>₹ 300000, 3/23.10.2019<br>₹ 300000, 4/16.03.2020<br>ആകെ – ₹ 1500000 |

എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭം ആരംഭിക്കുന്നതിന് വേണ്ടിയാണ് മേൽ പ്രോജക്ട്. അതിനായി ഗ്രേഡ് ചെയ്ത് അർഹത തെളിയിച്ച വനിതാസംഘങ്ങൾക്ക് സബ്സിഡി തുക അനുവദിക്കുന്നു. സംരംഭത്തിനായി 4 ലക്ഷം രൂപ ബേങ്ക് ലോൺ എടുക്കുന്ന വനിതാഗ്രൂപ്പുകൾക്ക് 3 ലക്ഷം രൂപ സബ്സിഡി അനുവദിക്കുന്നു.

പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1. 2019-20 വർഷം 5 വനിതാഗ്രൂപ്പ് സംരംഭങ്ങൾക്ക് 3 ലക്ഷം രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്. പഞ്ചായത്തുകൾ ലഭ്യമാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട വനിതാഗ്രൂപ്പുകൾക്കാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ലോൺ ലഭിച്ച് സംരംഭം ആരംഭിച്ചതിന് ശേഷം സംരംഭത്തിന്റെ ചെലവ് രേഖകളുടെ അടിസ്ഥാനത്തിലാണ് സബ്സിഡി അനുവദിക്കേണ്ടത്. എന്നാൽ ഇവിടെ ലോൺ അനുവദിക്കുന്നതിന് മുമ്പ് തന്നെ സബ്സിഡി തുക ബേങ്കുകൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഗ്രൂപ്പുകൾ സമർപ്പിച്ച ചെലവ് തുക സബ്സിഡി തുകയെക്കാൾ കുറവാണ്. വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ഗ്രൂപ്പിന്റെ പേര് | സംരംഭം | സബ്സിഡി തുക കൈമാറിയ ബേങ്കിന്റെ പേര് | സബ്സിഡി അനുവദിച്ച തീയതി | ബേങ്ക് ലോൺ അനുവദിച്ച തീയതി | സമർപ്പിച്ച ചെലവ് തുക | അധികം അനുവദിച്ച തുക |
|---|---|---|---|---|---|---|---|
| 1 | ശക്തി വനിതാസ്വയം സഹായ സംഘം | ഗാർമെന്റ്സ് യൂണിറ്റ് | മാവിലായി സർവ്വീസ് കോ. ഓപ്പ് ബേങ്ക് | 04.09.2019 | 30.09.019 | 264194 | 35806 |
| 2 | തനിമ വനിതാസ്വയം സഹായ സംഘം | വാദ്യസംഘം, വാദ്യങ്ങൾ വാടകയ്ക്ക് നൽകൽ | ഇരിവേരി സർവ്വീസ് കോ. ഓപ്പ് ബേങ്ക് | 04.09.2019 | ലഭ്യമാക്കിയില്ല | 299155 | 845 |
| 3 | മേളം വനിതാസ്വയം സഹായസംഘം | വാദ്യസംഘം, വാദ്യങ്ങൾ വാടകയ്ക്ക് നൽകൽ | കാഞ്ഞിരോട് സർവ്വീസ് സഹകരണ ബേങ്ക് | 10.10.2019 | 16.12.2019 | 110500 | 189500 |
| 4 | ഹരിതാ വനിതാസ്വയം സഹായസംഘം | ടെയ്‌ലറിംഗ് യൂണിറ്റ് | ഏച്ചൂർ സർവ്വീസ് സഹകരണ ബേങ്ക് | 23.10.2019 | 25.08.2020 | 252656 | 47344 |
| 5 | സ്നേഹിത വനിതാസംഘം | പലഹാര യൂണിറ്റ് | കണ്ണൂർ അഗ്രികൾച്ചറൽ പ്രൊഡ്യൂസേർസ് വെൽഫെയർ കോ ഓപ്പ് സൊസൈറ്റി | 16.03.2020 | ലഭ്യമാക്കിയില്ല. | 126940 | 173060 |

2.വനിതാസംഘങ്ങൾ അവരുടെ സംരംഭത്തിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ തന്നെ ഫിക്സഡ് കാപ്പിറ്റൽ, വർക്കിംഗ് കാപ്പിറ്റൽ എന്നിവ എത്രയാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമല്ല.

3. ക്രമനമ്പർ 2, 5 എന്നീ സംഘങ്ങളുടെ ലോൺ പാസ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ടി സംഘങ്ങൾക്ക് ലോൺ ലഭ്യമായതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.
4.മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.
5.സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമല്ല

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/21.03.2022)മറുപടിയായി കോവിഡ് 19 ന്റെ പ്രത്യേക സാഹചര്യത്തിൽ ബിസിനസ് നടത്താൻ ബുദ്ധിമുട്ടുള്ളതുകൊണ്ടാണ് ഗ്രൂപ്പുകൾ സ്ഥിരാസ്തി ഇനത്തിൽ വാങ്ങിയ സാധനങ്ങൾ കുറഞ്ഞുപോയതെന്നും ഈ സാധനങ്ങൾ പിന്നീട് വാങ്ങാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. 5 ഗ്രൂപ്പുകളിൽ സ്നേഹിത വനിതാ സംഘത്തിനൊഴികെ മറ്റ് ഗ്രൂപ്പുകൾക്കെല്ലാം 2019 ൽ തന്നെ സബ്സിഡി തുക അനുവദിച്ചിട്ടുണ്ട്. കോവിഡ് മാനദണ്ഡങ്ങൾ നിലവിൽ വന്നത് 2020 മാർച്ച് മാസത്തിലാണ്. ആയതിനാൽ തന്നെ മറുപടി തൃപ്തികരമല്ല

ലോൺ അനുവദിക്കുന്നതിന് മുമ്പ് തന്നെ സബ്സിഡി തുക ബാങ്കുകൾക്ക് കൈമാറിയത് ശരിയായ നടപടി ക്രമമല്ല. സബ്സിഡി അനുവദിച്ചിട്ടുള്ള 5 ഗ്രൂപ്പുകളും നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ടെങ്കിലും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കാത്തത് അപാകതയാണ്. തനിമ വനിതാസ്വയം സഹായ സംഘം, സ്നേഹിത വനിതാസംഘം എന്നീ സംഘങ്ങൾക്ക് ലോൺ അനുവദിച്ചതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ മേൽ സംഘങ്ങൾക്ക് ലോൺ ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമല്ല. ആയതിനാൽ ടി സംഘങ്ങൾക്ക് അനുവദിച്ച 6 ലക്ഷം രൂപയും മറ്റ് മൂന്ന് സംഘങ്ങൾക്ക് സബ്സിഡി തുകയേക്കാൾ അധികമായി അനുവദിച്ച 272650 രൂപയും ചേർത്ത് ആകെ 872650 രൂപ തടസ്സപ്പെടുത്തുന്നു. അപാകങ്ങൾ സംബന്ധിച്ച് കൃത്യമായ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-23 ഹെൽത്തി സിവിൽ സർവ്വീസ് പ്രൊജക്ട് നടത്തിപ്പിലെ അപാകത - ചെലവ് തുക ₹40225 നിരാകരിക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, ഇരിവേരി |
| പ്രോജക്ട് നമ്പർ/പേര് | 23/20, ഹെൽത്തി സിവിൽ സർവ്വീസ് |
| അടങ്കൽ | ₹ 71510(വികസന ഫണ്ട്,പൊതുവിഭാഗം,സാധാരണ വിഹിതം) |
| | ₹1490 തനത് ഫണ്ട് |
| | ₹73000 |
| ചെലവ് | ₹40225 |
| ബിൽ നമ്പർ/തീയതി | 191901630097012687O3/13-02-2020 |

അധ്യാപകരുൾപ്പെടെയുള്ള സർക്കാർ ജീവനക്കാർക്ക് പ്രമേഹം, രക്തസമ്മർദ്ദം, മുതലായ ജീവിത ശൈലീ രോഗങ്ങളെ നേരത്തേ കണ്ടെത്തുകയും ആരോഗ്യ പൂർണ്ണമായ സിവിൽ സർവ്വീസ് ഉറപ്പ് വരുത്തുകയും ചെയ്യുക, ജീവനക്കാരിലെ രോഗാതുരത കുറക്കുക വഴി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഇടതടവില്ലാതെ ലഭ്യമാക്കുകയെന്നതാണ് പ്രൊജക്ട് ലക്ഷ്യം. ഇതിനായി ഹെൽത്തി സിവിൽ സർവ്വീസ് കാർഡ് അടിച്ച വകയിൽ ₹3085 ഉം SAFE AQSTRIPS 50S (10എണ്ണം) വാങ്ങിയ വകയിൽ ₹31645 ഉംEASY BP APPADIGITAL EL 9090 വാങ്ങിയ വകയിൽ ₹5495 ഉം ഉൾപ്പെടുന്നതാണ് മേൽ ചെലവ് തുക.സബ്സിഡി മാർഗരേഖ സ.ഉ(കൈ) നം.22/2018 തീയതി 14-02-2018 ഉത്തരവിൽ ഇത്തരത്തിൽ പ്രൊജക്ട് നടപ്പിലാക്കുന്നത് പ്രതിപാദിച്ചിട്ടില്ല. ഈ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിനോ, ഓരോ ഇനത്തിനും പറഞ്ഞ പ്രകാരമല്ലാത്ത വിഭാഗങ്ങൾക്കോ, അധികരിച്ച നിരക്കിലോ,തുകയിലോ സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ് (ഖ-2-2). സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത പ്രോജക്ട് നടപ്പിലാക്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവഴിച്ച തുക ₹40225 നിരാകരിക്കുന്നു. പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല

മേൽ അപാകതകൾക്ക് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 17/24-03-2022 )

മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-24 ഓക്സിജൻ കോൺസൺട്രേറ്റർ സ്ഥാപിച്ചതിന്റെ രേഖയില്ല - ചെലവ് തുക₹1,49,520 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, ഇരിവേരി |
| പ്രോജക്ട് നമ്പർ/പേര് | 15/20,സെക്കണ്ടറി പാലിയേറ്റീവ് |
| അടങ്കൽ | ₹325000 (വികസന ഫണ്ട്, പൊതുവിഭാഗം, സാധാരണ വിഹിതം) |
| ചെലവ് | ₹2,80,966 |

മേൽ ചെലവ് തുകയിൽ ബിൽ നം.1919016300970093779/12-12-2019 പ്രകാരം ₹1,49,520 പിൻവലിച്ച് മോഡിടെക് ഇന്റർനാഷണൽ എന്ന സ്ഥാപനത്തിൽ നിന്നും 5 ഓക്സിജൻ കോൺസൺട്രേറ്റർ വാങ്ങിയിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങൾ ലോക്കൽ പർച്ചേസ് രജിസ്റ്റർ വാള്യം 4 പേജ് നം. 211 ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിതരണം ചെയ്തതിന്റെ രേഖയില്ല. സ്റ്റോക്ക് രജിസ്റ്ററിൽ നീക്കിയിരിപ്പായി 5 എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങൾ സ്ഥാപിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.18/24-03-2022) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹1,49,520 തടസ്സപ്പെടുത്തുന്നു.

## 1-25 സമഗ്ര തുടർ സാക്ഷരത പരിപാടി - രേഖകൾ ഹാജരാക്കിയിട്ടില്ല- ₹42,500 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, എടക്കാട് ബ്ലോക്ക് പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ/പേര് | 80/20, സമഗ്ര തുടർ സാക്ഷരത പരിപാടി |
| അടങ്കൽ | ₹42,500 (വികസന ഫണ്ട്, പൊതുവിഭാഗം, സാധാരണ വിഹിതം) |
| ചെലവ് | ₹17,500<br>128/18-11-2019 |
| | ₹25000<br>124/14-11-2019 |
| ആകെ ചെലവ് | ₹42,500 |

പത്താം തരം തുല്യതാ കോഴ്സിന് 10 പഠിതാക്കളുടെ കോഴ്സ് ഫീയിനത്തിൽ ₹17500 സംസ്ഥാന സാക്ഷരതാ മിഷന്റെ സ്റ്റേറ്റ് ബേങ്ക് ഓഫ് ഇന്ത്യയുടെ 57026996123 നമ്പർ അക്കൗണ്ടിലും ₹25000 സംസ്ഥാന സാക്ഷരതാ മിഷന്റെ യൂക്കോ ബേങ്കിന്റെ 02880100113107 നമ്പർ അക്കൗണ്ടിലും കൈമാറിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

1. പഠിതാക്കൾ കോഴ്സ് വിജയകരമായി പൂർത്തിയാക്കിയതിന്റെ രേഖ

2.ഗ്രാമസഭ തെരഞ്ഞെടുത്ത് അയച്ച ഗുണഭോക്തൃ ലിസ്റ്റ്

3.സംസ്ഥാന സാക്ഷരതാ മിഷൻ തുക കൈപ്പറ്റിയതിന്റെ രേഖ

മേൽ പറഞ്ഞ രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 13/23-03-2022) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹42,500 തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഹെൽത്തി സിവിൽ സർവ്വീസ് പ്രൊജക്ട് നടത്തിപ്പിലെ അപാകത – ചെലവ് തുക ₹40225 നിരാകരിക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി,ഇരിവേരി |
| പ്രോജക്ട് നമ്പർ/പേര് | 23/20,ഹെൽത്തി സിവിൽ സർവ്വീസ് |
| അടങ്കൽ | ₹ 71510 (വികസന ഫണ്ട്, പൊതുവിഭാഗം,സാധാരണ വിഹിതം) |
| | ₹1490 തനത് ഫണ്ട് |
| | ആകെ – ₹73000 |
| ചെലവ് | ₹40225 |
| ബിൽ നമ്പർ/ തീയതി | 1919016300970126870З/13-02-2020 |

അധ്യാപകരുൾപ്പെടെയുള്ള സർക്കാർ ജീവനക്കാർക്ക് പ്രമേഹം, രക്തസമ്മർദ്ദം, മുതലായ ജീവിത ശൈലീ രോഗങ്ങളെ നേരത്തേ കണ്ടെത്തുകയും ആരോഗ്യ പൂർണ്ണമായ സിവിൽ സർവ്വീസ് ഉറപ്പ് വരുത്തുകയും ചെയ്യുക, ജീവനക്കാരിലെ രോഗാതുരത കുറക്കുക വഴി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഇടതടവില്ലാതെ ലഭ്യമാക്കുകയെന്നതാണ് പ്രൊജക്ട് ലക്ഷ്യം. ഇതിനായി ഹെൽത്തി സിവിൽ സർവ്വീസ് കാർഡ് അടിച്ച വകയിൽ ₹3085 ഉം SAFE AQSTRIPS 50S (10 എണ്ണം) വാങ്ങിയ വകയിൽ ₹31645 ഉംEASY BP APPADIGITAL EL 9090 വാങ്ങിയ വകയിൽ ₹5495 ഉം ഉൾപ്പെടുന്നതാണ് മേൽ ചെലവ് തുക. സബ്സിഡി മാർഗരേഖ സ.ഉ(കൈ) നം.22/2018 തീയതി 14-02-2018 ഉത്തരവിൽ ഇത്തരത്തിൽ പ്രൊജക്ട് നടപ്പിലാക്കുന്നത് പ്രതിപാദിച്ചിട്ടില്ല. ഈ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിനോ, ഓരോ ഇനത്തിനും പറഞ്ഞ പ്രകാരമല്ലാത്ത വിഭാഗങ്ങൾക്കോ, അധികരിച്ച നിരക്കിലോ, തുകയിലോ സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ് (ഖ-2-2). സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത പ്രോജക്ട് നടപ്പിലാക്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവഴിച്ച തുക ₹40225 നിരാകരിക്കുന്നു. പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല

മേൽ അപാകതകൾക്ക് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/24-03-2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 10.3.2022 ,11.3.2022 | കെ.എസ്.എ./കെ.എൻ.ആർ/സി.6/463 / 2022 തീയതി : 26.05.2022 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | വർഷം | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ചെമ്പിലോട് ഗ്രാമ പഞ്ചായത്ത് | 70000 | 2019-20 | പി എം എ വൈ-(ജ) 2019-20അധിക ധനസഹായം ബ്ലോക്ക് വിഹിതം നൽകൽ43/20 | 70000 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് വിഹിതം | 98,000 | 2019-20 | പി എം എ വൈ-(ജ) 2019-20അധിക ധനസഹായം ബ്ലോക്ക് വിഹിതം നൽകൽ43/20- | 98,000 | 0 |

മുന്നിരിപ്പുള്ള ഗ്രാമ പഞ്ചായത്ത് വിഹിതത്തിൽ നിന്നും പെരളശ്ശേരി ഗ്രാമ പഞ്ചായത്ത് എൽപി ജി ഉപയോഗിച്ചുള്ള ശ്മശാനം നിർമ്മിക്കൽ (പ്രോ.നം.68/20) പ്രോജക്ടിന് വേണ്ടി ₹62951-യും, പെരളശ്ശേരി എൽപി ജി ശ്മശാനത്തിൽ ജനറേറ്റർ, വാട്ടർടാങ്ക് സ്ഥാപിക്കൽ (പ്രോ.നം.74/20) പ്രോജക്ടിന് വേണ്ടി ₹ 431082യും ചെലവഴിച്ചിട്ടുണ്ട്. മുന്നിരിപ്പുള്ള ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നും എൽപി ജി ഉപയോഗിച്ചുള്ള ശ്മശാനം നിർമ്മിക്കൽ പെരളശ്ശേരി ഗ്രാമ പഞ്ചായത്ത് (പ്രോ.നം.68/20) പ്രോജക്ടിന് വേണ്ടി ₹ 8,95,388-യും ചെലവഴിച്ചിട്ടുണ്ട്

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം -

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | പരാമർശ വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| 2003-04 | 4-12 | 1999-00 | 30 | ലേബർ കോൺട്രാക്ട് സൊസൈറ്റി വിജയിച്ചില്ല | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ്ജ് -സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 43832598.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43306926.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 40225 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 64,90,688 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായവരുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 1-23 | | 40225 | ഡോ.മായ കെ., മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-9 | 39,439 | ശ്രീമതി.ആയിഷ (സെക്രട്ടറി ) |
| 1-12 | 10,90,000 | ഡോ.ജയൻ.എൻ.വി(ക്ഷീര വികസന ഓഫീസർ) |
| 1-13 | 18,20,000 | ഡോ.ജയൻ.എൻ.വി(ക്ഷീര വികസന ഓഫീസർ) |
| 1-14 | 14,31,213 | ശ്രീമതി.രശ്മി(അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ) |
| 1-15 | 8,83,366 | ശ്രീ.ശ്രീരാഗ് .എം.പി (അസിസ്റ്റന്റ് എഞ്ചിനിയർ ) |
| 1-21 | 1,62,000 | ശ്രീമതി.ഷീജ.വി (ശിശു വികസന പദ്ധതി ഓഫീസർ) |
| 1-22 | 872650 | ശ്രീ.വിനോദ് നരിക്കോടൻ (വ്യവസായ വികസന ഓഫീസർ) |
| 1-24 | 1,49,520 | ഡോ.മായ.കെ (മെഡിക്കൽ ഓഫീസർ സി എച്ച് സി ) |
| 1-25 | 42,500 | ശ്രീമതി.ആയിഷ (സെക്രട്ടറി ) |
| ആകെ | 64,90,688 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗ പേരും | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീമതി.ആയിഷ (സെക്രട്ടറി ) | റിട്ടയർ ചെയ്തു | 11/575<br>മെഹാഫിൽ,കരിമ്പ് ഗവേഷണകേന്ദ്രത്തിന് എതിർവശം ,കണ്ണൂർ-2 |
| ഡോ.ജയൻ.എൻ.വി (ക്ഷീര വികസന ഓഫീസർ) | ക്ഷീര വികസന ഓഫീസർ,<br>എടക്കാട് ബ്ലോക്ക് പഞ്ചായത്ത് | മണാല്യ മാലിൻ,<br>തോട്ടട |
| ശ്രീമതി.രശ്മി (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ) | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>PIU,KANNUR | സൂര്യ,കീച്ചേരി,അഞ്ചാം പീടിക ,കണ്ണൂർ |
| ശ്രീ.ശ്രീരാഗ് .എം.പി (അസിസ്റ്റന്റ് എഞ്ചിനീയർ ) | അസിസ്റ്റന്റ് എഞ്ചിനിയർ<br>പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്ത് | ലഭ്യമല്ല |
| ശ്രീമതി.ഷീജ.വി (ശിശു വികസന പദ്ധതി ഓഫീസർ) | ശിശു വികസന പദ്ധതി ഓഫീസർ,<br>എടക്കാട് ബ്ലോക്ക് പഞ്ചായത്ത് | സായൂജ്യം,കോട്ടയം പൊയിൽ-670691 |
| ഡോ.മായ.കെ (മെഡിക്കൽ ഓഫീസർ സി എച്ച് സി ) | മെഡിക്കൽ ഓഫീസർ സി എച്ച് സി,<br>സി എച്ച് സി-ഇരിവേരി | യദുകുലം ,<br>(തയ്യിൽ,പി ഒ)<br>മരക്കാർക്കണ്ടി |
| ശ്രീ.വിനോദ് കുമാർ നരിക്കോടൻ (വ്യവസായ വികസന ഓഫീസർ) | വ്യവസായ വികസന ഓഫീസർ | ശ്രീപദം, പി.ഒ. എരുവട്ടി, കതിരൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ് /കെ.എൻ.ആർ/സി.6/52 /2018തീ. 11-4-2018 | 6 |
| 1999-00 | എൽ.എഫ് /കെ.എൻ.ആർ/സി.6/52 /2018തീ. 11-4-2018 | 1 |
| 2002-03 | എൽ.എഫ് /കെ.എൻ.ആർ/സി.6/52 /2018തീ. 11-4-2018 | 1 |
| 2005-06 | എൽ.എഫ് /കെ.എൻ.ആർ/സി.6/52 /2018തീ. 11-4-2018 | 3 |
| 2006-07 | എൽ.എഫ് /കെ.എൻ.ആർ/സി.6/52 /2018തീ. 11-4-2018 | 3 |
| 2007-08 | എൽ.എഫ് /കെ.എൻ.ആർ/സി.6/52 /2018തീ. 11-4-2018 | 3 |
| 2008-09 | എൽ.എഫ് /കെ.എൻ.ആർ/സി.6/52 /2018തീ. 11-4-2018 | 15 |
| 2009-10 | എൽ.എഫ് /കെ.എൻ.ആർ/സി.6/52 /2018തീ. 11-4-2018 | 15 |
| 2010-11, 2011-12 | എൽ.എഫ് /കെ.എൻ.ആർ/സി.6/52 /2018തീ. 11-4-2018 | 22 |
| 2012-13,2013-14, 2014-15 | എൽ.എഫ് /കെ.എൻ.ആർ/സി.6/52 /2018തീ. 11-4-2018 | 3 |
| 2015-16 | എൽ.എഫ് /കെ.എൻ.ആർ/സി.6/52 /2018തീ. 11-4-2018 | 4 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ /സി.6/1969/2017 തീ.22-12-2017 | 8 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ /സി.6/30/2019 തീ.17-01-2019 | 15 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ /സി.6/696/2020 Dt 30/12/2020 | 12 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3-1

## Receipt & Payment Statement

| Edakkad Block Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 12869667.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 130000000 | Rental income from Panchayat Properties | RP-3 | 38000.00 |
| 140000000 | Fees & User Charges | RP-4 | 35369.00 |
| 150000000 | Sale & Hire Charges | RP-5 | 9400.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 41185157.00 |
| 171000000 | Interest Earned | RP-9 | 309.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1013848.00 |
| 350000000 | Other Liabilities | RP-36 | 15500.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 433.00 |
| 180000000 | Other Income | RP-10 | 3204.00 |
| 340000000 | Deposits Received | RP-34 | 175401.00 |
| 350000000 | Other Liabilities | RP-36 | 238260.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 690032.00 |
| 460000000 | Loans, Advances and Deposits | RP-47 | 427685.00 |
| | Grand total | | 56702265.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3925555.00 |
| 220000000 | Administrative Expenses | RP-12 | 846768.00 |
| 230000000 | Operations & Maintenance | RP-13 | 696872.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 7944362.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 21082107.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3039680.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 136244.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 9818.00 |
| 255000000 | Maintenance Projects | RP-20 | 1225965.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 25000.00 |

| | | | |
|---|---|---|---|
| 280000000 | Prior Period item | RP-26 | -221610.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 334256.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 9.00 |
| 340000000 | Deposits Received | RP-34 | 276227.00 |
| 350000000 | Other Liabilities | RP-36 | 313544.00 |
| 410000000 | Fixed Assets | RP-38 | 2474435.00 |
| 412000000 | Capital work in Progress | RP-40 | 1124151.00 |
| 420000000 | Investments | RP-41 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 73543.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 13395339.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 56702265.00 |

## അനുബന്ധം 3-2

## INCOME & EXPENDITURE STATEMENT

| Edakkad Block Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 897740.00 |
| 140000000 | Fee & User Charges | I-4(b) | 35369.00 |
| 150000000 | Sale & Hire Charges | I-5(b) | 9400.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 39701835.00 |
| 170000000 | Income from Investments | I-7 | 433.00 |
| 171000000 | Interest Earned | I-8 | 309.00 |
| 180000000 | Other Income | I-9 | 3204.00 |
| | Total Income | | 40648290.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 3313631.00 |
| 220000000 | Administrative Expenses | I-11(b) | 846768.00 |

| | | | |
|---|---|---|---|
| 230000000 | Operations & Maintenance | I-12(b) | 696872.00 |
| 240000000 | Interest & Finance Charges | I-13 | 9.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7944362.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 21150443.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3039680.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 136244.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 9818.00 |
| 255000000 | Maintenance Projects | I-14(e) | 1225965.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 25000.00 |
| 272000000 | Depreciation | I-17(a) | 3491512.00 |
| | Total Expenditure | | 41880304.00 |
| | Gross Surplus/ Deficit of income over Expenditure | | -1232014.00 |
| 280000000 | Prior Period Item | I-18 | -132439.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -1099575.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം 3-3

## BALANCE SHEET

| Edakkad Block Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 1250845.00 |
| 312000000 | Reserves | B-3 | 65891654.00 |
| | Total Reserve & Surplus | | 67142499.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4667021.00 |
| | Total Grants, Contributions for Specific Purposes | | 4667021.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1501061.00 |
| 350000000 | Other Liabilities | B-9 | 45984.00 |
| | Total Current Liabilities and Provisions | | 1547045.00 |
| | TOTAL LIABILITIES | | 73356565.00 |

| | | | |
|---|---|---|---|
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 70838937.00 |
| 411000000 | Accumulated Depreciation | B-11 | -19523350.00 |
| 412000000 | Capital Work in Progress | B-11(a) | 7167400.00 |
| | Total Fixed Assets | | 58482987.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 931446.00 |
| 450000000 | Cash and Bank Balance | B-17 | 13395339.00 |
| 460000000 | Loans, Advances and Deposits | B-18 | 546793.00 |
| | Total Current Assets, Loans and Advances | | 14873578.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 73356565 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.